നമ്പർ.ജി(1)70117/2018

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 22.06.2018.
Website:www.cooperation.kerala.gov.in
e-mail : keralarcs@coop.kerala.gov.in

## സർക്കുലർ :33/2018

വിഷയം:- സംസ്ഥാനത്തെ കൊള്ള പലിശക്കാർ, അന്യസംസ്ഥാനത്തു നിന്നുള്ള വട്ടിപ്പലിശക്കാർ, സ്വകാര്യ മൈക്രോ ഫിനാൻസ് കമ്പനിക്കാർ എന്നിവരുടെ സാമ്പത്തിക ചൂഷണത്തിന് വിധേയമാകുന്നവരെ സഹകരണ മേഖലയുടെ വ്യാപനവും ശക്തിയും കുടുംബശ്രീയുടെ സംഘടനാ സംവിധാനവും പ്രയോജനപ്പെടുത്തി പരിരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ സഹകരണ വകുപ്പ് നടപ്പാക്കുന്ന "മുറ്റത്തെ മുല്ല" എന്ന ലഘു ഗ്രാമീണ വായ്പാ പദ്ധതി- സംബന്ധിച്ച്

പരാമർശം:-
1. 20.06.2018 ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗ തീരുമാനങ്ങൾ.
2. സഹകരണ സംഘം രജിസ്ട്രാറുടെ 28/2010, 25/2014 എന്നീ നമ്പർ സർക്കുലറുകൾ.

**********

സംസ്ഥാനത്ത് ആഴത്തിൽ വേരോട്ടമുള്ള സഹകരണ പ്രസ്ഥാനത്തിൽ, നിക്ഷേപ വായ്പാ മേഖലയാണ് ഏറ്റവും ശക്തമായത്. ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന 1600 ലധികം വരുന്ന പ്രാഥമിക കാർഷിക വായ്പാസംഘങ്ങളും അവയുടെ 3000 ലധികം ശാഖകളും നാടിന്റെ നാനാ ഭാഗത്തും പ്രവർത്തിക്കുന്നു. വായ്പാ മേഖലയിലും വായ്പേതര പ്രവർത്തനങ്ങളിലും രാജ്യത്തിന് തന്നെ മാതൃകയായ ഈ സംഘങ്ങൾ ജനങ്ങളുടെ ബഹുമുഖ ആവശ്യങ്ങൾ നിർവഹിക്കുന്നതിൽ മുൻപന്തിയിലാണ്. എന്നാൽ ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധി വരെ അറുതി വരുത്തുന്നതിനും സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും ഒഴിവാക്കി, സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് "മുറ്റത്തെ മുല്ല" ഗ്രാമീണ ലഘു വായ്പാ പദ്ധതി.

സാമൂഹ്യ പ്രതിബദ്ധതയുള്ള പ്രസ്ഥാനം എന്ന നിലയിൽ സഹകരണ പ്രസ്ഥാനത്തിന് ഈ ആപൽഘട്ടത്തിൽ ജനങ്ങളുടെ പ്രശ്നങ്ങളോട് മുഖം തിരിക്കാനാവില്ല. വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ വായ്പ എടുക്കുന്നതിന് വിമുഖത പുലർത്തുന്നവരുടെയും കൊള്ളപലിശക്കാരിൽ നിന്ന് വായ്പ എടുത്ത്

കടക്കെണിയിലാകുന്നവരുടെയും, വീട്ടു മുറ്റത്ത് ചെന്ന് ലളിതമായ നടപടി ക്രമങ്ങളിലൂടെ ഏറ്റവും കുറഞ്ഞ പലിശയ്ക്ക് ലഘു വായ്പ (Micro fincance) നൽകുകയും ആഴ്ചതോറും ലഘുവായ തിരിച്ചടവ് ക്രമീകരണത്തിലൂടെ ഗുണഭോക്താവിൽ നിന്നും വായ്പ തുക ഈടാക്കുകയും ചെയ്യുക എന്നതാണ് മുറ്റത്തെ മുല്ല എന്ന പദ്ധതിയിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്.

<u>ഉദ്ദേശ ലക്ഷ്യങ്ങൾ</u>

1. ബ്ലേഡ് പലിശക്കാരുടെയും സ്വകാര്യ മൈക്രോ ഫിനാൻസ് കമ്പനികളുടെയും സാമ്പത്തിക ചൂഷണത്തിൽ നിന്ന് സാധാരണക്കാരും പാവപ്പെട്ടവരുമായ ജനസമൂഹത്തെ മോചിപ്പിക്കുക.
2. സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ഈ പ്രസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക അടിത്തറ വിപുലപ്പെടുത്തുകയും ചെയ്യുക.
3. ജനങ്ങളെ കൂടുതലായി സാമ്പത്തിക ഉൾച്ചേർക്കലിലേക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക.

<u>വായ്പാ രീതിയും സാമ്പത്തിക വശവും</u>

പദ്ധതി പ്രകാരം 1000 രൂപ മുതൽ 25000 രൂപ വരെയാണ് ഒരാൾക്ക് വായ്പയായി നൽകുക. നിലവിൽ കൊള്ളപലിശക്കാരിൽ നിന്നും എടുത്ത വായ്പ ഒറ്റത്തവണയായി അടച്ചു തീർക്കുന്നതിനും വായ്പ നൽകാവുന്നതാണ്. വായ്പക്കാരിൽ നിന്നും 12 ശതമാനം പലിശ (നൂറു രൂപയ്ക്ക് പ്രതിമാസം ഒരു രൂപ ) മാത്രമാണ് ഈടാക്കുക. ഇതിൽ നിന്നും 9 ശതമാനം പലിശ പ്രാഥമിക കാർഷിക ബാങ്കുകളിൽ അടയ്ക്കണം. ബാക്കി കുടുംബശ്രീ യൂണിറ്റുകൾക്ക്/വായ്പാ ഇടപാട് നടത്തുന്ന യൂണിറ്റ് അംഗത്തിന് അവരുടെ ഉചിതമായ തീരുമാനപ്രകാരം എടുക്കാവുന്നതാണ്.പരമാവധി 52 ആഴ്ചകളാണ് (ഒരു വർഷം) വായ്പ തിരിച്ചടക്കേണ്ടത്. അതായത് 1000 രൂപ വായ്പ എടുത്ത ഒരാൾ ഒരു വർഷം കൊണ്ട് 52 ആഴ്ചകളിൽ തുല്യ ഗഡുക്കളായി 1120 രൂപ തിരിച്ചടയ്ക്കണം. 10 ആഴ്ചകളിൽ തിരിച്ചടവ് പൂർത്തിയാകുന്ന വായ്പകളും നൽകാവുന്നതാണ്.

<u>പദ്ധതി നിർവ്വഹണം</u>

സംസ്ഥാനത്ത് വിപുലമായ ശൃംഖലയും ജനകീയാടിത്തറയും സാമ്പത്തിക ശക്തിയുള്ള പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ (PACS) അതാത് പ്രദേശങ്ങളിലെ കുടുംബശ്രീ സംവിധാനവുമായി കൂടിച്ചേർന്നാണ് പദ്ധതി നിർവ്വഹണം നടത്തുക. ദുർബലമായതോ, ഈ പദ്ധതി നടപ്പിലാക്കാൻ താൽപര്യക്കുറവോ കാണിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പരിധിയിൽ താൽപര്യപൂർവ്വം മുന്നോട്ട് വരുന്ന മറ്റ് സഹകരണ സംഘങ്ങളിലൂടെ ഈ പദ്ധതി നടപ്പിലാക്കും. പൈലറ്റ് പദ്ധതിയായി പാലക്കാട് ജില്ലയിലാണ് "മുറ്റത്തെ മുല്ല" ആദ്യം നടപ്പാക്കുക.

വായ്പാ ആവശ്യക്കാരുടെ എണ്ണമനുസരിച്ച് ഓരോ വാർഡിലേയും ഒന്നു മുതൽ മൂന്നു വരെ കുടുംബശ്രീ യൂണിറ്റുകളിലൂടെയാണ് പദ്ധതി നടപ്പിലാക്കുക. പ്രവർത്തന മികവും വിശ്വാസവും ഉള്ള കുടുംബശ്രീ യൂണിറ്റുകൾക്കാണ് വായ്പാ ചുമതല നൽകുക. കുടുംബശ്രീ അംഗങ്ങൾ അവരുടെ പ്രദേശത്തെ വായ്പാ ആവശ്യക്കാരുടെ വീട്ടിലെത്തി

പണം നൽകും. ആഴ്ചതോറും വീടുകളിലെത്തി തിരിച്ചടവ് തുക സ്വീകരിക്കുകയും ചെയ്യും. വായ്പ നൽകാൻ ആവശ്യമായ സംഖ്യ കുടുംബശ്രീ യൂണിറ്റുകൾക്ക് ഒരു യൂണിറ്റിന് പരമാവധി 10 ലക്ഷം രൂപ വരെ 9 ശതമാനം പലിശ നിരക്കിൽ ക്യാഷ് ക്രഡിറ്റ് വായ്പയായി അനുവദിക്കും. പുനർവായ്പ ആവശ്യമുള്ള സംഘങ്ങൾക്ക് 8 ശതമാനം പലിശ നിരക്കിൽ ജില്ലാ സഹകരണ ബാങ്കുകൾ പുനർവായ്പ നൽകും(പലിശ നിരക്കിൽ കാലാനുസൃതമായ മാറ്റം ബാധകം) നിലവിൽ കുടുംബശ്രീ യൂണിറ്റുകൾക്ക് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ നൽകിയിട്ടുള്ള വായ്പകൾക്ക് പുറമെയാണ് 10 ലക്ഷം രൂപയുടെ ക്യാഷ് ക്രെഡിറ്റ് അനുവദിക്കുക. ഈ വായ്പ തുക കുടുംബശ്രീ യൂണിറ്റ് അംഗങ്ങൾക്ക് വായ്പ നൽകുന്നതിനോ, മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കാനോ പാടില്ല. മേൽ പരാമർശിച്ച പ്രകാരം കൊള്ളപലിശക്കാരുടെയും സ്വകാര്യ മൈക്രോ ഫിനാൻസ് കമ്പനികളുടേയും കെണിയിൽപെട്ടവരേയും അത്തരം സാഹചര്യത്തിൽ തുടരുന്നവർക്കുമാണ് ഈ വായ്പ അനുവദിക്കുക. വായ്പക്കാർക്ക് നൽകിയ വായ്പ തുകയും സംഘത്തിൽ നിന്നും കുടുംബശ്രീ യൂണിറ്റ് പിൻവലിച്ച വായ്പാ തുകയും എല്ലായ്പ്പോഴും തുല്യമായിരിക്കണം. വ്യക്തിഗത വായ്പാ കണക്കുകൾ സൂക്ഷിക്കേണ്ടതിന്റെ ഉത്തരവാദിത്തം കുടുംബശ്രീ യൂണിറ്റുകൾക്കാണ്.

**“മുറ്റത്തെ മുല്ല” വായ്പ**

| വായ്പ | തിരിച്ചടവ് കാലാവധി | തിരിച്ചടവ് തുക | ആകെ തിരിച്ചടവ് | ഈടാക്കിയ പലിശ | ശതമാനം |
|---|---|---|---|---|---|
| 1000 | 10 ആഴ്ച | 102.35 | 1023.50 | 23.50 | 12% |
| 5000 | 10 ആഴ്ച | 511.75 | 5117.50 | 117.50 | 12% |
| 10000 | 52 ആഴ്ച | 215.40 | 11200.00 | 1200 | 12% |

**വായ്പയുടെ തിരിച്ചടവ് ഉറപ്പുവരുത്തൽ**

വായ്പയുടെ തിരിച്ചടവ് കുടുംബശ്രീ യൂണിറ്റുകൾ ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായി കുടുംബശ്രീ യൂണിറ്റുകൾ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുമായി ഒരു കരാറിൽ ഏർപ്പെടേണ്ടതാണ്. ഏതെങ്കിലും വായ്പക്കാരന്റെ തിരിച്ചടവ് മൂന്നു മാസത്തിലധികം മുടങ്ങുന്ന പക്ഷം അത്തരം വായ്പക്കാരെ നേരിട്ട് പ്രാഥമിക സംഘത്തിലെ വായ്പക്കാരനായി മാറ്റി കുടുബശ്രീ യൂണിറ്റുകൾക്ക് ബാദ്ധ്യതയിൽ നിന്ന് ഒഴിവാകാവുന്നതാണ്. എന്നാൽ ഇത്തരം കേസുകൾ മൊത്തം വായ്പയുടെ 20 ശതമാനത്തിൽ അധികരിക്കുന്ന സാഹചര്യം ഉണ്ടായാൽ അതിനുത്തരവാദികളായ കുടുംബശ്രീ യൂണിറ്റുകളുടെ ക്യാഷ് ക്രെഡിറ്റ് വായ്പാ പരിധി തുടർ വർഷങ്ങളിൽ പുതുക്കി നൽകില്ല.

**മോണിറ്ററിംഗ്**

പദ്ധതിയുടെ സുഗമവും, സുതാര്യവും കാര്യക്ഷമവുമായ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി സംഘം തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സഹകരണ സംഘം സെക്രട്ടറി കൺവീനറും ജില്ലാ തലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)

കൺവീനറും സംസ്ഥാന തലത്തിൽ സഹകരണ വകുപ്പ് മന്ത്രി ചെയർമാനും സഹകരണ സംഘം രജിസ്ട്രാർ കൺവീനറുമായ മോണിറ്ററിംഗ് കമ്മിറ്റികൾ പ്രവർത്തിക്കും. ഓരോ തലത്തിലും മോണിറ്ററിംഗ് കമ്മിറ്റിയിൽ കുടുംബശ്രീ പ്രതിനിധികൾ, പ്രാഥമിക/ജില്ല/സംസ്ഥാന സഹകരണ ബാങ്ക് ഭരണ സമിതി പ്രതിനിധികൾ, സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ, തദ്ദേശ വകുപ്പ് ഉദ്യോഗസ്ഥർ എന്നിങ്ങനെ 7 അംഗങ്ങൾ ഉണ്ടായിരിക്കും. മോണിറ്ററിംഗ് കമ്മിറ്റി ഓരോ 3 മാസത്തിലും ഏറ്റവും ചുരുങ്ങിയത് ഒരു യോഗമെങ്കിലും കൂടണം. വിവധ തലങ്ങളിൽ ഉണ്ടാകുന്ന പരാതികൾ പരിഹരിക്കേണ്ട ചുമതലയും മോണിറ്ററിംഗ് കമ്മിറ്റിക്കാണ്.

**<u>സാങ്കേതികവിദ്യയുടെ ഉപയോഗം</u>**

കോർ ബാങ്കിംഗ് സൗകര്യങ്ങളും സാമ്പത്തിക ഭദ്രതയുമുള്ള പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ നെറ്റ് വർക്കിംഗ് അധിഷ്ഠിതമായ പാം ടോപ്പ് മെഷീനുകൾ അടക്കമുള്ള സൗകര്യങ്ങൾ(Real Time settlement) ഈ പദ്ധതിയുടെ ഡിസ്ട്രിബ്യൂഷൻ കളക്ഷൻ മാനേജ് മെന്റിനായി ഉപയോഗപ്പെടുത്തേണ്ടതാണ്. അല്ലാത്ത സംഘങ്ങൾ ദിനംപ്രതി കണക്കുകൾ ശേഖരിച്ച് കുടുംബശ്രീ അക്കൗണ്ട് പൊരുത്തപ്പെടുത്തേണ്ടതാണ്. കുടുംബശ്രീ അംഗങ്ങൾക്ക് പാംടോപ്പ് മെഷീനുകൾക്ക് കുടുംബശ്രീ മിഷനിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കുന്ന സാഹചര്യമുണ്ടാകുന്ന പക്ഷം അതിനാവശ്യമായ നെറ്റ് വർക്കിംഗ് സൗകര്യങ്ങൾ സംഘങ്ങൾ ഏർപ്പെടുത്തണം. സാങ്കേതിക വിദ്യ സ്റ്റേഷനറി ചെലവ്, യാത്രാ ചെലവ് തുടങ്ങി ആവശ്യങ്ങൾക്കായി ഒരു വായ്പക്കാരനിൽ നിന്നും ഒരു വർഷം വായ്പാ തോതനുസരിച്ച് 50 രൂപ മുതൽ 100 രൂപ വരെ കുടുംബശ്രീ യൂണിറ്റുകൾക്ക് ഈടാക്കാവുന്നതാണ്.

**<u>മറ്റു കാര്യങ്ങൾ</u>**

1. "മുറ്റത്തെ മുല്ല" പദ്ധതിയിലൂടെ കുടുംബശ്രീ മുഖാന്തിരം നൽകുന്ന വായ്പകൾ സഹകരണ റിസ്ക് ഫണ്ട് പദ്ധതിയുടെ പരിധിയിൽ വരുന്നതല്ല.

2. വായ്പയെടുത്ത് തിരിച്ചടവ് പൂർത്തീകരിക്കുന്നതിനിടയിൽ വായ്പാക്കാരൻ മരണപ്പെടുകയോ, അപകടം/മാരക രോഗം എന്നിവ ബാധിച്ച് തിരിച്ചടവ് നടത്താനാവാത്തവിധം വായ്പ മുടങ്ങുകയോ ചെയ്താൽ അത്തരം വായ്പകൾ മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം അതാത് സംഘങ്ങൾക്ക് ഉചിതമായ ആശ്വാസ നടപടികൾ കൈക്കൊള്ളാവുന്നതാണ്.

3. ഈ പദ്ധതി പ്രകാരം വായ്പയെടുത്ത് മനപൂർവ്വമായി തിരിച്ചടവ് മുടക്കുന്ന വായ്പക്കാർക്ക് സംഘത്തിൽ നിന്നും യാതൊരു തരത്തിലുള്ള മറ്റ് വായ്പകൾക്കോ,ആനുകൂല്യങ്ങൾക്കോ അർഹത ഉണ്ടായിരിക്കില്ല.

ടി പദ്ധതി വിജയകരമാക്കുന്നതിന് സഹകരണ സംഘം ഭാരവാഹികൾ,അംഗങ്ങൾ, ജിവനക്കാർ,സർക്കിൾ സഹകരണ യൂണിയനുകൾ എന്നിവർ നടപടികൾ സ്വീകരിക്കണമെന്നും, പ്രവർത്തന പരിധിയിൽ ആവശ്യമായ പ്രചരണം നൽകണമെന്നും നിർദ്ദേശിക്കുന്നു.

വകുപ്പ് ഉദ്യോഗസ്ഥർ ടി പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് സഹായകരമായ നിലപാട്ടുകൾ സ്വീകരിക്കുകയും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ യഥാസമയം നൽകേണ്ടതും, അവരവരുടെ ഭരണനിയന്ത്രണത്തിലുള്ള സംഘങ്ങളിലെ ഓരോ മാസത്തിലേയും പുരോഗതി അവലോകനം നടത്തേണ്ടതുമാണ്.

(ഒപ്പ്)

ഡോ.ഡി.സജിത് ബാബു ഐ.എ.എസ്

സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:-

1. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
2. മാനേജിംഗ് ഡയറക്ടർ,സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
3. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്
4. ജോയിന്റ് രജിസ്ട്രാർമാർ(ജനറൽ)ജോയിന്റ് ഡയറക്ടർമാർ(ആഡിറ്റ്)
5. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകൾ
6. എല്ലാ പ്രാഥമിക സഹകരണ വായ്പാ സംഘങ്ങൾക്കും (ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
7. എല്ലാ പ്രാഥമിക കാർഷിക വികസന ബാങ്കുകൾക്കും
8. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും(ജനറൽ)
9. എഡിറ്റർ, സഹകരണവീഥി
10. എഡിറ്റർ, സഹകരണ ജേർണൽ
11. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
12. വെബ് സൈറ്റ്
13. ജി (1) 22095/14 ഫയലിലേയ്ക്ക്
14. സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)